## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1637 | | | 12.06.2019-ൽ മറുപടിയ്ക്ക് |
|---|---|---|---|
| **ആമയിഴഞ്ചാൻ തോട്ടിലെ മാലിന്യ നിർമ്മാർജ്ജനം** | | | |
| **ചോദ്യം** | | **ഉത്തരം** | |
| **ശ്രീ.വി.എസ്.ശിവകുമാർ** | | **എ.സി.മൊയ്തീൻ<br>തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി** | |
| (എ) | തിരുവനന്തപുരം നഗരത്തിലെ ബേക്കറി ജംഗ്ഷൻ, തമ്പാനൂർ, പഴവങ്ങാടി ഭാഗങ്ങളിൽ ആമയിഴഞ്ചാൻ തോട്ടിൽ മാലിന്യം നിറഞ്ഞ് ജലത്തിന്റെ ഒഴുക്ക് തടസ്സപ്പെട്ടിരിക്കുന്നതിൽ മാലിന്യ നിർമ്മാർജ്ജനത്തിനായി അടിയന്തര നടപടികൾ സ്വീകരിക്കുമോ ; വിശദമാക്കുമോ ; | (എ) | ആമയിഴഞ്ചാൻ തോട്ടിലെ മാലിന്യങ്ങൾ പൂർണ്ണമായും നീക്കം ചെയ്യുന്നതിന് നഗരസഭ 50 ലക്ഷം രൂപയ്ക്ക് ടെണ്ടർ നൽകുകയും ടി പ്രവൃത്തി യുദ്ധകാലാടിസ്ഥാനത്തിൽ പുരോഗമിച്ച് വരികയുമാണ്. ആമയിഴഞ്ചാൻ തോട്ടിലേക്ക് മാലിന്യം നിക്ഷേപിക്കാതിരിക്കാൻ പൂർണ്ണമായും ഫെൻസിംഗ് നടത്തിയിട്ടുള്ളതും കോളനി നിവാസികൾക്ക് മാലിന്യം നിക്ഷേപിക്കുന്നതിന് എയ്റോബിക് ബിൻ യൂണിറ്റുകൾ സ്ഥാപിക്കുകയും ചെയ്തിട്ടുള്ളതുമാണ്. കൂടാതെ രാത്രി കാലത്ത് തോട്ടിലേക്ക് മാലിന്യം നിക്ഷേപിക്കുന്നത് തടയുന്നതിനായി ജീവനക്കാരെ ഈ പ്രദേശത്ത് നിയോഗിക്കുകയും ചെയ്തിട്ടുണ്ട്. മാലിന്യം നിക്ഷേപിക്കുന്നവരുടെ പേര് വിവരങ്ങളും വാഹനങ്ങളുടെ വിവരണങ്ങളും ഉൾപ്പെടെ കന്റോൺമെന്റ് അസിസ്റ്റന്റ് കമ്മീഷണർക്ക് തിരുവനന്തപുരം നഗരസഭാ സെക്രട്ടറി പരാതി നൽകിയിട്ടുണ്ട് |
| (ബി) | പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങളുടെ മുന്നൊരുക്കങ്ങളുടെ ഭാഗമായി പകർച്ചവ്യാധി ഭീഷണി നേരിടുന്ന ഈ ഭാഗങ്ങളിൽ സ്ഥലവാസികളുടെ പ്രയാസം കണക്കിലെടുത്ത് അടിയന്തര നടപടി സ്വീകരിക്കുന്നതിന് തയ്യാറാകുമോ; വിശദമാക്കുമോ? | (ബി) | മഴക്കാല പൂർവ്വ ശുചീകരണത്തിന്റെ ഭാഗമായി ടി പ്രദേശത്തെ ഓടകൾ വൃത്തിയാക്കി മാലിന്യങ്ങൾ നീക്കം ചെയ്ത് നീരൊഴുക്ക് സുഗമമാക്കിയിട്ടുണ്ട്. രാജാജി നഗർ കോളനിയിലെ അർബൻ ഹെൽത്ത് സെന്ററിന്റെ സഹകരണത്തോടെ വീട് വീടാന്തരമുള്ള ബോധവത്ക്കരണ പ്രവർത്തനങ്ങളും ഉറവിട നശീകരണ പ്രവർത്തനങ്ങളും നടത്തി വരുന്നു. കൂടാതെ കൊതുക് നശീകരണത്തിനായി ഫോഗിംഗ്, സ്പ്രേയിങ്ങ് എന്നിവയും നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ